(*b*) has any representation been received by the Government praying for the exemption from sales tax of certain articles essential for daily consumption; and

(*c*) if answer to part (*b*) is in the affirmative, what action has been taken in the matter?

Minister for Finance and Revenue (**Sri. A. J. John**):

(*a*) Attention is invited to part A of the notification dated 15th June 1950, published at page 730 of the Government Gazette dated 20th June 1950.

(*b*) Yes; on 3rd October 1950.

(*c*) It is under consideration.

ശ്രീ. ഈപ്പൻ അറയ്ക്കൽ : അശ്രീക്കാംച്ചുറൽ പ്രോഡക്റ്റ്സ് സംബന്ധിച്ചുള്ള വില്പനയിൽ കച്ചവടക്കാർ സെയിൽസ് ടാക്സ് ഈടാക്കിവരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ : കൃഷിക്കാർ സെയിൽ ടാക്സ് കൊടുക്കേണ്ട.

ശ്രീ. ഈപ്പൻ അറയ്ക്കൽ : കച്ചവടക്കാർ വില്പന നികുതി ഈടാക്കിവരുന്നുഎന്ന് അറിയാമോ എന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ : കച്ചവടക്കാർ വാങ്ങിച്ചു വില്ക്കുമ്പോൾ വില്പന നികുതി കൊടുക്കണം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ഉടമസ്ഥന്മാർ തന്നെ കൊപ്രയായിട്ടോ തേങ്ങയായിട്ടോ വില്ക്കുമ്പോൾ അതിനു കൊടുക്കേണ്ട വിലയിൽ നിന്ന് വില്പനനികുതി കച്ചവടക്കാർ എടുത്തുവരുന്നു എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഈടാക്കുന്നതായി അറിവില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ഗവൺമെണ്ടിൽനിന്ന് കൺസെഷൻ റേറ്റിനു വില്ക്കുന്ന വളങ്ങൾക്കു സെയിൽസ് ടാക്സ് ഈടാക്കുന്ന വിവരം അറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഈടാക്കുന്നില്ലെന്നാണ് തോന്നുന്നത്. നല്ല നിശ്ചയമില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : അങ്ങനെ ഈടാക്കുന്നുണ്ടെന്നു പറഞ്ഞാൽ അതിനെ മതിയാക്കാൻ ഏർപ്പാട് ചെയ്യാമോ?

ശ്രീ. എ. ജെ. ജാൺ : അതു് ആലോചിക്കാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : കച്ചവടക്കാർ ഉടമസ്ഥന്മാർ വില്ക്കുന്ന സാധനങ്ങളുടെ വിലയിൽനിന്നും നികുതി ഈടാക്കുന്നതു് ശിക്ഷാർഹമായ ഒരു സംഗതിയല്ലെ.

ശ്രീ. എ. ജെ. ജാൺ : ഉടമസ്ഥൻ തന്നെ കൊപ്രാകൊണ്ടു പോയി വില്ക്കുകയാണെങ്കിൽ സെയിൽസ് ടാക്സ് കൊടുക്കേണ്ട. മറ്റൊരാൾ തേങ്ങാ വാങ്ങി കൊപ്രായാക്കി വില്ക്കുകയാണെങ്കിൽ സെയിൽസ് ടാക്സ് എടുക്കും. അതാണ് നിയമത്തിലെ വ്യവസ്ഥ.

X-RAY TREATMENTS

638. [20] **Sri. Eapen Arakkal**: Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) how many machines are there in the General Hospital for deep X-Ray treatment;

(*b*) is it a fact that one of such machines is out of working order at present;

(*c*) if so, how long has this machine been in an unfit condition; and

LIBRARY ARCHIVES Kerala Legislative Assembly

(*d*) is it true that patients are often directed to go to Madras or other places for deep X-Ray treatment as one deep X-Ray machine is lying idle in the General Hospital ?

Minister for Finance and Renenue **(Sri. A. J. John)** :

(*a*) Two.
(*b*) No.
(*c*) For about two weeks one machine was not in working order.
(*d*) No.

ശ്രീ. ഈപ്പൻ അറക്കൽ : ഇതിനു് ജനറൽ ആശുപത്രിയിലുള്ള വിദഗ്ധനായ ഡാക്ടർ ആരാണു്?

ശ്രീ. എ. ജെ. ജാൺ : ശ്രീ. എ. കെ. ജേക്കബ്.

സംസ്ഥാനത്തു് ആകെയുള്ള ആശുപത്രികളും ഡിസ്പെൻസറികളും

*൩൯൯. (൨൯) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ-കൊച്ചി എന്നീ വിഭാഗങ്ങളിൽ യഥാക്രമം ആകെ എത്ര സർക്കാർ ആശുപത്രികളും ഡിസ്പെൻസറികളും ഉണ്ടു്?

(ബി) കൊച്ചി വിഭാഗത്തിൽ എത്ര ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ടു്?

(സി) ഇത്തരം ഓരോ ഡിസ്പെൻസറിക്കും പ്രതിവർഷം നൽകുന്നുണ്ടു് എത്ര സംഖ്യ ഗ്രാൻറ് നൽകുന്നുണ്ടു്?

(ഡി) കൊച്ചിയിൽ പ്രവർത്തനം ചെയ്യുന്നതുപോലെയുള്ള ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികൾ തിരുവിതാംകൂറിലുണ്ടോ?

(ഇ) തിരുവിതാംകൂറിൽ പ്രൈവറ്റ് എജൻസി നടത്തുന്ന എത്ര ഡിസ്പെൻസറികൾ ഉണ്ടു്; അവ ഏതെല്ലാം.

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) തിരുവിതാംകൂറിൽ ൩൨ ആശുപത്രികളും ൨൨൫ ഡിസ്പെൻസറികളും ഉണ്ടു്. കൊച്ചിയിൽ ൨൫ ആശുപത്രികളും ൨൭ ഡിസ്പെൻസറികളുമുണ്ടു്.

(ബി) ൨൪.

(സി) ൨൦൦൦ രൂപായുടെ മരുന്നും ഡാക്ടർക്കു് മാസത്തിൽ ൭൫ രൂപാ അലവൻസും ക്ഷാമബത്തയും.

(ഡി) ഇല്ല.

(ഇ) തിരുവിതാംകൂറിലെ പ്രൈവറ്റ് ഡിസ്പെൻസറികൾ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ : കൊച്ചിയിൽ പ്രൈവറ്റ് ഡിസ്പെൻസറികൾക്കു കൊടുക്കുന്ന ധനസഹായം തിരുവിതാംകൂറിലെ പ്രൈവറ്റ് ഡിസ്പെൻസറികൾക്കു് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : കൊച്ചിയിലും ഇവിടെയും ഡിസ്പെൻസറി നടത്തുന്നതു് സംബന്ധിച്ചു് ചില വ്യത്യാസങ്ങൾ ഉണ്ടു്. കൊച്ചിയിൽ ഏതെങ്കിലും ഒരു സ്ഥലത്തു് ഒരു ഡിസ്പെൻസറി വേണമെന്നു് തീരുമാനിക്കയാണെങ്കിൽ അവിടെ ഏതെങ്കിലും ഡാക്ടർ ഉണ്ടെങ്കിൽ മരുന്നുകളും ഒരു അലവൻസും കൊടുക്കുകയാണു് ചെയ്യുന്നതു്. നേരെ മറിച്ചു് തിരുവിതാംകൂറിൽ നിലവിലുള്ള ആശുപത്രികൾക്കു് ഗ്രാൻറ് കൊടുക്കുന്നുണ്ടു്. ഇപ്പോഴുള്ള കൊച്ചിയിലെ

LIBRARY ARCHIVES Kerala Legislative Assembly